# സാന്തോം വോയ്സ്

## പത്തനംതിട്ട ഭദ്രാസന ബുള്ളറ്റിൻ

വാല്യം 3 2012 ജനുവരി ലക്കം 1

# THE SYRO-MALANKARA CATHOLIC CHURCH
# EPARCHY OF PATHANAMTHITTA

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ പത്തനംതിട്ട ഭദ്രാസനത്തിന്റെ
ഇടയൻ **നി.വ.ദി.മ. ശ്രീ. യൂഹാനോൻ മാർ ക്രിസോസ്റ്റം**
**മെത്രാപ്പോലീത്താ**യിൽ നിന്ന് നമ്മുടെ അധികാരത്തിൽപ്പെട്ട
കോറെപ്പിസ്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും സന്ന്യസ്തർക്കും
ശെമ്മാശന്മാർക്കും വിശ്വാസികളേവർക്കും വാഴ്വ്.

***PL. NO. 2/2011***

വീണ്ടും ഒരു ക്രിസ്മസ് കൂടി സമാഗതമാവുകയാണ്. ലോകചരിത്രത്തെ ക്രിസ്തുവിന് മുൻപ്, ക്രിസ്തുവിന് പിൻപ് എന്നു വേർതിരിച്ച, നിത്യപ്രകാശമായവന്റെ ജന്മദിനം ലോകം മുഴുവൻ ഹൃദയത്തിൽ ഏറ്റുവാങ്ങുകയാണ്.

**പ്രവചനവും ചരിത്രവും**

"അവനിൽ ജീവനുണ്ടായിരുന്നു, ആ ജീവൻ മനുഷ്യവെളിച്ചമായിരുന്നു"(യോഹ:1, 45). പ്രപഞ്ച സ്രഷ്ടാവായ ദൈവം മനുഷ്യന്റെ സൃഷ്ടിയിൽ ആഹ്ലാദമുള്ളവനായിരുന്നു. തന്റെ രൂപവും സാദൃശ്യവും നൽകി ലോകത്തിന്റെ നിയന്ത്രണവും അധികാരവും അവന് കൈമാറി; എന്നാൽ ഏകകല്പനയുടെ ലംഘനം പാപമായി തീരുകയും പാപം വഴി ശാപവും മരണവും കഷ്ടതയും ദുഃഖവും ആദിമനുഷ്യനിൽ പ്രവേശിക്കുകയും ചെയ്തു. മനുഷ്യപാപത്തിൽ ദുഃഖിതനായ ദൈവം ശിക്ഷയോടൊപ്പം രക്ഷയും നൽകി, സ്ത്രീയുടെ സന്തതി സാത്താന്റെ തലതകർക്കുമെന്ന് ഉല്പത്തിയിൽ നൽകിയ വാഗ്ദാനം നിറവേറുന്ന അവസരമാണല്ലോ ക്രിസ്മസ്.

കന്യകയുടെ ഗർഭധാരണം  മുൻകൂട്ടി കണ്ട് പ്രവചിച്ച ഏശയ്യാ(7:14) അദൃശ്യനായ ദൈവത്തെ ദൃശ്യമാക്കുന്ന ദൈവികരഹസ്യത്തെ ഇമ്മാനുവൽ എന്ന് വിളിച്ചു. ഈശായിയുടെ കുറ്റിയിൽ പൊട്ടുന്ന മുള ദാവീദിന് നൽകിയ വാഗ്ദാനം ദൈവം ഇവിടെ നിറവേറ്റുന്നു (ഏശയ്യാ 11/1). ദൈവജ്ഞാനത്തിൽ നിറഞ്ഞവൻ ദൈവനീതി നടപ്പാക്കി, പുതിയ ആകാശവും പുതിയ ഭുമിയും നൽകുന്ന സ്വാന്തനത്തിന്റെ കരങ്ങൾ മനോഹരമായി വിരിക്കുന്നു. ഈ പുതിയ ഭൂമിയും പുതിയ ആകാശവും യേശുക്രിസ്തുവിലാണ് ദർശിക്കുക. എന്നേക്കും നിലനില്ക്കുന്ന ദാവിദിന്റെ രാജ്യം സ്ഥാപിക്കുന്നവനാണ് മിശിഹാ എന്ന് എല്ലാ പ്രവചനങ്ങളും സാക്ഷിക്കുന്നു.

**ആധുനിക തലമുറയുടെ ക്രിസ്മസ്**

ആദ്യക്രിസ്മസ് ആഘോഷിച്ചത് ലോകത്തിലെ നിസ്സാരരായ

മനുഷ്യരായിരുന്നു.ആടിനെ സംരക്ഷിച്ചിരുന്ന ഇടയന്മാരും കിഴക്കുള്ള ജ്ഞാനികളും പാവപ്പെട്ട ജോസഫും മറിയവുമാണ് ആഘോഷങ്ങൾക്ക് വഴികാട്ടിയത്. ആധുനിക തലമുറയുടെ ആഘോഷങ്ങൾ അർത്ഥപൂർണ മാകുവാൻ പുതിയ രീതിയിൽ നാം ക്രിസ്മസ് ദർശിക്കണം.

കാലിക്കൂട്ടിൽ പിറന്ന രക്ഷകന്റെ പിറവിത്തിരുനാൾ പാവപ്പെട്ട വരോടും അനാഥരോടും ആലംബഹീനരോടും ചേർന്ന് ആഘോ ഷിക്കാം. കന്നുകാലികൾ നല്കിയ പങ്കുവയ്ക്കലിന്റെ സംസ്കാരം നാം വളർത്തണം. ആഘോഷങ്ങളിൽ മനംമയങ്ങി അന്ധകാരത്തിൽ വീഴാതെ, ജ്ഞാനികളെപ്പോലെ രക്ഷകന്റെ പാദത്തിൽ കാഴ്ച സമർപ്പിക്കാൻ കഴിയട്ടെ.

മനുഷ്യജീവന് ദൈവം എത്രമാത്രം വിലകല്പിക്കുന്നെന്ന് മനു ഷ്യാവതാരം നമ്മെ പഠിപ്പിക്കുന്നു. യേശുവിന്റെ രക്തത്തിന്റെ വില യാണ് ഈ ലോകത്തിലെ ഓരോ മനുഷ്യനും: “നിങ്ങൾക്ക് ജീവൻ ഉണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ് ഞാൻ വന്നി രിക്കുന്നത്” (യോഹ. 10/10). ദൈവത്തിന്റെ രൂപത്തിലും സാദൃശ്യ ത്തിലും സൃഷ്ടിക്കപ്പെട്ട സൃഷ്ടിയുടെ മകുടമായ മനുഷ്യന് വിലയി ടിഞ്ഞുകൊണ്ടിരിക്കുന്നു. അനാഥാലയങ്ങളുടേയും ആതുരാലയങ്ങളു ടേയും വൃദ്ധസദനങ്ങളുടേയും അഭൂതപൂർവമായ വർധന നമ്മെ ചിന്തി പ്പിക്കേണ്ട വിഷയമാണ്. ജീവൻ അമ്മയുടെ ഉദരത്തിൽ ഉരുവാകുന്ന നിമിഷം മുതൽ അതിന്റെ സ്വാഭാവികാന്ത്യം വരെയും അതിനെ ബഹു മാനിക്കുകയും സ്നേഹിക്കുകയും ചെയ്യുക ദൈവികപദ്ധതിയുടെ ഭാഗ മാണ്. കൊലപാതകങ്ങൾ, ആത്മഹത്യകൾ, ഭ്രൂണഹത്യകൾ, സ്ത്രീക ളുടെ നേർക്കുള്ള അതിക്രമങ്ങൾ, കുട്ടികളെ ദുരുപയോഗിക്കൽ, വൃദ്ധരെ ശരീരികവും മാനസികവുമായി പീഡിപ്പിക്കൽ തുടങ്ങി നിര വധി മേഖലകളിൽ മനുഷ്യജീവൻ ഹനിക്കുന്നത് നിത്യസംഭവങ്ങളാ ണല്ലോ. ദൈവം മനുഷ്യനായി നമ്മോടൊത്ത് വസിക്കുവാൻ തിരുമന സ്സായപ്പോൾ, നഷ്ടപ്പെട്ട ആ ദൈവികചൈതന്യം അവിടുന്ന് മനുഷ്യന് തിരികെ നല്കാൻ തിരുമനസ്സായി. ആ ചൈതന്യത്തിന്റെ ആഴങ്ങളി ലേക്കിറങ്ങിച്ചെല്ലാൻ ക്രിസ്മസ്കാലം നമ്മെ ക്ഷണിക്കുന്നു.

**സാമൂഹ്യപ്രതിബദ്ധത**

ക്രിസ്മസ് സമൂഹത്തോടുള്ള നമ്മുടെ പ്രതിബദ്ധതയുടെ നാളു കളാകട്ടെ. ഇല്ലാത്തവനുമായി ഉള്ളത് പങ്കുവയ്ക്കുന്നതാകണം ക്രിസ്മ സ്. അയല്ക്കാരൻ പട്ടിണിയിൽ വാടുമ്പോൾ ക്രിസ്ത്യാനിക്ക് ക്രിസ്മസില്ല; തന്നെത്തന്നെ ശൂന്യനാക്കിയ ദൈവമാണ് നമ്മുടെ മാതൃ ക. സമൂഹത്തിലെ തിന്മയോട് ശക്തമായി പ്രതികരിക്കുവാനും മാതൃ കാപരമായി ജീവിച്ച് ക്രിസ്തുവിന് സാക്ഷികളാകുവാനും ക്രിസ്ത്യാ നിക്ക് കഴിയണം.

പുൽക്കൂട്, നക്ഷത്രവിളക്കുകൾ, ക്രിസ്മസ്കരോൾ, ക്രിസ്മസ് ട്രീ, ദീപാലങ്കാരങ്ങൾ, ക്രിസ്മസ് കേക്കുകൾ, ക്രിസ്മസ് കാർഡുകൾ, സമ്മാനങ്ങൾ എന്നിവ എല്ലാവർക്കും സന്തോഷം പകരുന്നതാണ്. ഈ ബാഹ്യസന്തോഷപ്രകടനങ്ങൾ ആന്തരിക സന്തോഷത്തിന്റെയും മിശിഹാതമ്പുരാൻ നല്കുന്ന സമാധാനത്തിന്റെയും ശാന്തിയുടെയും ബഹിസ്പുരണമായിരിക്കണം. ക്രിസ്തുനാഥൻ ഇല്ലാത്ത

ക്രിസ്മസിനെപ്പറ്റി ചിലരെങ്കിലും സംസാരിക്കാറുണ്ട്. നമ്മെ സംബന്ധിച്ച് ഒരിക്കലും അപ്രകാരം ആകാതിരിക്കട്ടെ. അനുരഞ്ജന ത്തിന്റെയും ക്ഷമയുടെയും ഈ ദിവസം സന്തോഷപൂർവം നമുക്ക് ആഘോഷിക്കാം.

ഈ മഹാസന്തോഷത്തിന്റെ സദ്വാർത്ത മറ്റുള്ളവരിലേക്ക് പകരാം. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം വളരെ വലുതാണ്. അടിസ്ഥാനാവശ്യങ്ങൾപോലും നിറവേറ്റാനാകാത്തവിധം ദരിദ്രരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ ഒരു വലിയ വിഭാഗം നമുക്കു ചുറ്റുമുണ്ട്.

അവർക്കായി കരുണയുടെ കരം നീട്ടിക്കൊടുക്കാൻ ഈ ക്രിസ്മസ്കാലത്ത് നമുക്കു കഴിയണം. അങ്ങനെ അർത്ഥസമ്പുഷ്ട മാകണം ഈ പിറവിത്തിരുന്നാൾ. ഈ പരിശുദ്ധ നോമ്പുകാലത്ത് നാം നേടിയ സൽപ്രവൃത്തികളുടെ സമ്പാദ്യം അവിടുത്തേക്ക് കാഴ്ചവയ്ക്കാം. കാരണം, അവിടുന്നു നമ്മുടെ സ്നേഹവും സമാധാനവും പ്രത്യാശയുമാണ്. നിങ്ങൾക്ക് ഏവർക്കും ക്രിസ്മസിന്റെ അനുഗ്രഹാശിസ്സുകൾ നേരുന്നു.

**പുതുവർഷം**

കാലം വളരെ വേഗം പാഞ്ഞുപോകുന്നു. 2011-ാം ആണ്ടിന്റെ ശേഷിക്കുന്ന ദിനങ്ങൾ ചുരുക്കമാണല്ലോ. നല്ല ദിനങ്ങൾ നല്കിയ പരമ കാരുണികനായ ദൈവത്തിന് നന്ദി അർപ്പിച്ചുകൊണ്ട് പുതുവത്സരത്തി ലേക്ക് പ്രവേശിക്കാം. വ്യക്തമായ തീരുമാനങ്ങളോടും ശക്തമായ കാഴ്ചപ്പാടുകളോടും കൂടെ പുതുവത്സരത്തെ വരവേല്ക്കാം. എല്ലാ വർക്കും പുതുവത്സരത്തിന്റെ ദൈവാനുഗ്രഹങ്ങൾ നേരുന്നു. "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളോടുകൂടെ ഉണ്ടായി രിക്കട്ടെ" (1 തെസ. 5:28).

ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയത്തിന്റെയും സകല പരിശുദ്ധരുടെയും അപ്പസ്തോല സമൂഹത്തിന്റെയും വിശിഷ്യ, നമ്മുടെ പിതാവും നമ്മുടെ ഭദ്രാസനത്തിന്റെ മദ്ധ്യസ്ഥനുമായ മാർ തോമാശ്ലീഹായുടെയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ.....

എന്ന്,

സ്നേഹപൂർവം,

**+യൂഹാനോൻ മാർ ക്രിസോസ്റ്റം**
**പത്തനംതിട്ട മെത്രാപ്പോലീത്താ**

15/12/2011
കാത്തലിക് ബിഷപ്സ് ഹൗസ്
പത്തനംതിട്ട

# കെ.സി.ബി.സി ലേബർ കമ്മീഷൻ

## "സുരക്ഷ" പദ്ധതി

കെ.സി.ബി.സി ലേബർ കമ്മീഷന്റേയും കേരളാലേബർ മൂവ്മെന്റിന്റേയും (കെ.എൽ.എം) ഓഫീസിൽ നിന്നുള്ള സ്നേഹാശംസകൾ

കെ.എൽ.എം. നേതൃത്വമെടുത്ത് സഭാസ്ഥാപനങ്ങളിലെ ജീവനക്കാർക്കായി തുടങ്ങിയ "സുരക്ഷ" എന്ന ക്ഷേമപദ്ധതിയെപ്പറ്റി നമ്മൾ കഴിഞ്ഞ കെ.സി.ബി.സി.സമ്മേളനത്തിൽ സംസാരിച്ചിരുന്നല്ലോ. അത് രൂപതകളിൽ നടപ്പാക്കാൻ ആവശ്യമായ ചില മാർഗരേഖകൾ തരുകയാണ് ഈ കത്തിന്റെ ലക്ഷ്യം. അസംഘടിത തൊഴിലാളികളുടെ ശാക്തീകരണത്തിനായി നമ്മൾ രൂപീകരിച്ച ഈ പദ്ധതിക്ക് പിതാവ് നല്കിയ പിന്തുണയ്ക്ക് ഹൃദയപൂർവം നന്ദി പറയുന്നു. ഈ പദ്ധതി നമ്മുടെ രൂപതകളിൽ നടപ്പാകുകയാണെങ്കിൽ അത് വളരെ വലിയൊരു കാൽവയ്പ്പായിരിക്കും.

2010 ഡിസംബറിലെ കെ.സി.ബി.സി. സമ്മേളനത്തിൽ പറഞ്ഞതുപോലെ "സുരക്ഷ" എന്ന ക്ഷേമപദ്ധതി സഭാസ്ഥാപനങ്ങളിലെ ജീവനക്കാർക്കായി രൂപീകരിച്ചിട്ടുള്ളതാണ്. ഈ പദ്ധതിക്ക് കെ.സി.ബി.സി. ഔദ്യോഗികമായി അംഗീകാരം നല്കുകയും 2011 മെയ് 22 ന് എറണാകുളത്ത് വച്ച് ചേർന്ന സമ്മേളനത്തിൽ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ഇനി നാം ചെയ്യേണ്ടത് ജീവനക്കാരെ അതിൽ ചേർക്കുക എന്നതാണ്. അതിന് ഓരോ സ്ഥാപനത്തിന്റേയും അധികാരികളുടെ സഹകരണം അത്യന്താപേക്ഷിതമാണ്. അതിനുള്ള നിർദേശങ്ങൾ പിതാവ് പിതാവിന്റെ രൂപതയിലെ പള്ളികൾക്കും മറ്റ് സ്ഥാപനങ്ങൾക്കും നല്കണം എന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട വൈദികരും സന്ന്യസ്തരും "സുരക്ഷ" പദ്ധതിയെ ഗൗരവമായി കാണണമെന്നും അവർ നേതൃത്വം കൊടുക്കുന്ന സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരെ ഈ പദ്ധതിയിൽ നിർബന്ധമായും ചേർക്കണമെന്നും പിതാവ് നിർദേശം കൊടുക്കണം എന്നാണെന്റെ അപേക്ഷ.

"സുരക്ഷ" ഒരു പങ്കാളിത്ത ക്ഷേമപദ്ധതിയാണ്. ഇതിൽ ചേരുന്നവർക്ക് പ്രായമാകുമ്പോൾ പെൻഷൻ കിട്ടാനുള്ള വ്യവസ്ഥകളുമുണ്ട്. ഈ പദ്ധതി നമ്മൾ നടപ്പാക്കുന്നത് ഇൻഡ്യാ ഗവൺമെന്റിന്റെ കീഴിലുള്ള പെൻഷൻ ഫണ്ട് റെഗുലേറ്ററി ഡവലപ്മെന്റ് അതോറിറ്റി വഴിയാണ്. അതുപോലെ ഈ പദ്ധതിയുടെ മറ്റൊരു പ്രത്യേകതയാണ്

ഇതോടനുബന്ധിച്ചുള്ള ലൈഫ് ഇൻഷുറൻസ് പരിരക്ഷ. അത് നടപ്പാക്കുന്നത് ഇൻഡ്യാ ഗവൺമെന്റിന്റെ തന്നെ ഉടമസ്ഥതയിലുള്ള ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ വഴിയാണ്. "സുരക്ഷ" പദ്ധതിയിൽ ചേരുന്നവർക്ക് 60 വയസ്സ് മുതൽ പെൻഷൻ കിട്ടുന്നതാണ്. അങ്ങനെ കിട്ടുന്ന തുകയുടെ വലുപ്പം അവർ പദ്ധതിയിൽ അതുവരെ അടച്ച തുകയ്ക്ക് ആനുപാതികമായിരിയ്ക്കും. സർക്കാരിന്റെ ഒരു വിഹിതവും പദ്ധതിയിൽ നിക്ഷേപിക്കപ്പെടും. പദ്ധതിയിൽ ചേർന്നവർക്ക് പദ്ധതി പൂർത്തീകരണത്തിന് (60 വയസ്സ്) മുമ്പായി അപകടമരണം സംഭവിക്കുകയാണെങ്കിൽ 85000 രൂപ ആശ്രിതർക്ക് ലഭിക്കുന്നതാണ്. സാധാരണ മരണമാണെങ്കിൽ തുക 40000 രൂപ ആയിരിക്കും. അതോടൊപ്പം പലിശയടക്കം പെൻഷൻ തുകയും ആശ്രിതർക്ക് ലഭ്യമാകും.

ഉത്തരവാദിത്വപ്പെട്ട ഒരു സർക്കാർ ഏജൻസിയാണ് "സുരക്ഷ" പദ്ധതി കൈകാര്യം ചെയ്യുന്നത് എന്നത് ഈ പദ്ധതിയുടെ ഒരു പ്രധാന മേൻമയാണ്. മാത്രമല്ല സർക്കാരിന്റെ ഒരു വിഹിതവും പദ്ധതിയുടെ ഉപഭോക്താവിന് ലഭ്യമാകുന്നു. പദ്ധതിയുടെ ഉപഭോക്താവ് തന്നെ പദ്ധതിയിലേയ്ക്കുള്ള തുക അടയ്ക്കാൻ കടപ്പെട്ടിരിക്കുന്നു എന്നതുകൊണ്ട് ഏതൊരു സ്ഥാപനത്തിലേയ്ക്ക് മാറിപ്പോയാലും അയാൾക്ക് പദ്ധതിയിൽ തുടരാൻ കഴിയും എന്നതാണ് മറ്റൊരു മേൻമ. പദ്ധതിയിൽ ചേരുന്ന തൊഴിലാളിയും അയാൾ സേവനം ചെയ്യുന്ന സ്ഥാപനവും ഓരോ മാസവും പദ്ധതിയിലേയ്ക്ക് 150 രൂപാ വീതം അടയ്ക്കണം. സ്ഥാപനം 150 രൂപാ അടയ്ക്കുക എന്നത് കേരള കത്തോലിക്ക മെത്രാൻ സമിതിയുടെ തീരുമാനമാണ്. സഭാസ്ഥാപനങ്ങളിലെ ജീവനക്കാരെ ഉദ്ദേശിച്ചാണ് സുരക്ഷ തുടങ്ങിയിരിക്കുന്നതെങ്കിലും അസംഘടിതമേഖലയിലെ ഏതൊരു തൊഴിലാളിക്കും ഇതിൽ ചേരാവുന്നതാണ്. സർക്കാരിന്റെ പ്രൊവിഡന്റ് ഫണ്ടിന്റെ പരിരക്ഷയിൽ വരാത്ത വ്യക്തി ആയിരിക്കണം എന്നു മാത്രം. സഭാസ്ഥാപനങ്ങളിലെ ജീവനക്കാരല്ലാത്തവർ പ്രതിമാസം ചുരുങ്ങിയത് 100 രൂപാ അടച്ചാൽ മതിയാകും.

പദ്ധതിയെപ്പറ്റി കൂടുതൽ വിശദീകരണങ്ങൾ തരാനായി കെ.എൽ.എം. ഭാരവാഹികൾ താമസിയാതെ പിതാവിനെ സന്ദർശിക്കുന്നതാണ്. അവർക്ക് വേണ്ട ഒത്താശകൾ ചെയ്തുകൊടുക്കണമേ. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് എല്ലാ സഹായവും തരാൻ അവർ സദാ സന്നദ്ധരാണ്.

**ബിഷപ്പ് ജോസ് പൊരുന്നേടം**

**കെ.സി.ബി.സി.ലേബർ കമ്മീഷൻ ചെയർമാൻ**

# അഭിവന്ദ്യ പിതാവിന്റെ കത്ത്

വന്ദ്യ കോറെപ്പിസ്കോപ്പാമാരേ, റമ്പാച്ചന്മാരേ, വൈദികരേ,
സന്ന്യസ്തരേ, കർത്താവിൽ പ്രിയ സഹോദരങ്ങളേ,

പരിശുദ്ധ കത്തോലിക്കാസഭ സ്വർണ്ണനാവുകാരനായ വി. ജോൺ ക്രിസോസ്റ്റമിന്റെ തിരുനാൾ നവംബർ 13-ാം തീയതി ആഘോഷിച്ചു. എന്റെ സ്വർഗീയ മദ്ധ്യസ്ഥൻ കൂടിയായ വി. ജോൺ ക്രിസോസ്റ്റമിന്റെ തിരുനാൾ നമ്മുടെ സൗകര്യാർത്ഥം നവംബർ 12-ാം തീയതി ഭദ്രാസനതലത്തിൽ നാം ആഘോഷിച്ചു. എന്റെ നാമഹേതുക തിരുനാളിൽ വന്ന് സംബന്ധിച്ച് എനിക്കുവേണ്ടി പ്രാർത്ഥിച്ച് ആശംസകൾ നേർന്ന കാതോലിക്കാ ബാവാ തിരുമേനിക്കും മറ്റു തിരുമേനിമാർക്കും, രാഷ്ട്രീയ, സാമുദായിക, സാംസ്കാരിക നേതാക്കൾക്കും, ബഹുമാനപ്പെട്ട വൈദികർ, സന്ന്യസ്തർ, സ്ഥാപനങ്ങളിൽ ശുശ്രൂഷ ചെയ്യുന്നവർ, എല്ലാറ്റിനും ഉപരി നമ്മുടെ സഭാമക്കൾ എന്നിവർക്ക് ഞാൻ ഹൃദയപൂർവം നന്ദി അറിയിക്കുന്നു. നിങ്ങളുടെ സ്നേഹവും പ്രോത്സാഹനവും പ്രാർത്ഥനയും പിന്തുണയും എന്റെ ശുശ്രൂഷയെ കൂടുതൽ ബലപ്പെടുത്തുന്നു.

ഈ വർഷത്തെ തിരുനാൾ ആഘോഷത്തിന്റെ ഭാഗമായി നിങ്ങൾ എനിക്ക് നല്കിയ സംഭാവനകൾ കോന്നി-പയ്യാനാമണ്ണിൽ നാം ആരംഭിക്കുന്ന പാലിയേറ്റീവ് കെയർ യൂണിറ്റിന് ഉപയോഗിക്കുന്നതാണ്. 30 ലക്ഷം രൂപയോളം മുതൽ മുടക്കേണ്ട പ്രസ്തുത സംരംഭത്തിന് ഇതുവരെ 19 ലക്ഷം രൂപ ശേഖരിക്കാൻ ഇതിലൂടെ കഴിഞ്ഞു. ബാക്കി തുക സുമനസ്സുകളായ അനേകരിലൂടെ കണ്ടെത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു. നമ്മുടെ ബഹുമാനപ്പെട്ട വൈദികർ ഈ സംരംഭത്തോട് സർവാത്മനാ സഹകരിച്ചത് മാതൃകാപരവും പ്രശംസനീയവുമാണ്. അതുപോലെ നമ്മുടെ എല്ലാ ഇടവകകളും സ്ഥാപനങ്ങളും കോൺവെന്റുകളും വ്യക്തികളും അകമഴിഞ്ഞ് ഈ സംരംഭത്തോട് സഹകരിച്ചതിനും നിങ്ങളുടെ ത്യാഗപൂർണമായ സമീപനത്തിനും സ്നേഹത്തിനും നന്ദി അറിയിക്കുന്നു. ദൈവം നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ എന്ന് വി. ക്രിസോസ്റ്റമിന്റെ മദ്ധ്യസ്ഥത പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹപൂർവം,

നിങ്ങളുടെ വത്സല പിതാവ്,

**+യൂഹാനോൻ മാർ ക്രിസോസ്റ്റം**
പത്തനംതിട്ട മെത്രാപ്പോലീത്താ

# Bishop's Charity Fund - 2011

**Rev. Fathers, Diocese of Pathanamthitta 350,000.00**

## Parishes

| | |
|---|---|
| St. Peter's Cathedral, Pathanamthitta | 52,000.00 |
| Mylapra | 42,000.00 |
| Seethathodu | 42,000.00 |
| Elanthoor | 30,000.00 |
| Thatta | 25,000.00 |
| Chandanappally | 20,000.00 |
| Vakayar | 20,000.00 |
| Karakkad | 15,001.00 |
| Kadamanitta | 15,000.00 |
| Konni | 15,000.00 |
| Thannithodu | 15,000.00 |
| Ullannoor | 10,001.00 |
| Anadappally | 10,000.00 |
| Athirumkal | 10,000.00 |
| Carmala | 10,000.00 |
| Chittar | 10,000.00 |
| Kaippattoor | 10,000.00 |
| Kallely | 10,000.00 |
| Kattoor | 10,000.00 |
| Kumbazha | 10,000.00 |
| Lakkoor | 10,000.00 |
| Manneera | 10,000.00 |
| Oonnukal | 10,000.00 |
| Oottupara | 10,000.00 |
| Paranthal | 10,000.00 |
| Prakkanam | 10,000.00 |

| | |
|---|---|
| Puthenpeedika | 10,000.00 |
| Puthusserimala | 10,000.00 |
| Thonniamala | 10,000.00 |
| Thottupuram | 10,000.00 |
| Thumpamon | 10,000.00 |
| Uthimoodu | 10,000.00 |
| Valiyyanthi | 10,000.00 |
| Vayyattupuzha | 10,000.00 |
| Vazhamuttom | 10,000.00 |
| Vallicode-Kottayam | 10,000.00 |
| Murinjakal | 7,500.00 |
| Perunadu | 7,500.00 |
| Vadaserikkara | 7,500.00 |
| Cheekanal | 7,000.00 |
| Koodal | 7,000.00 |
| Vayalathala | 7,000.00 |
| Naranganam | 5,001.00 |
| Angadical | 5,000.00 |
| Athumpumkulam | 5,000.00 |
| Attachackal | 5,000.00 |
| Attarikom | 5,000.00 |
| Avolikuzhy | 5,000.00 |
| Elappupara | 5,000.00 |
| Elimullumplackal | 5,000.00 |
| Erathumpamon | 5,000.00 |
| Gurunathanmannu | 5,000.00 |
| Kizhavallor | 5,000.00 |
| Kochukulam | 5,000.00 |
| Kodumudi/Amalagiri | 5,000.00 |

| | |
|---|---|
| Kokkathodu | 5,000.00 |
| Konnithazham | 5,000.00 |
| Kulanada | 5,000.00 |
| Kumplampoika | 5,000.00 |
| Mekozhur | 5,000.00 |
| Mezhuveli West | 5,000.00 |
| Nedumankavu | 5,000.00 |
| Omalloor | 5,000.00 |
| Pampumala | 5,000.00 |
| Pampini | 5,000.00 |
| Pandalam | 5,000.00 |
| Pongalady | 5,000.00 |
| Ponnampu | 5,000.00 |
| Poonkavu | 5,000.00 |
| Pulinthitta | 5,000.00 |
| Puthukulam | 3,000.00 |
| Vadakkupuram | 5,000.00 |
| Muthupezhumkal | 5,000.00 |
| Thekkuthodu | 5,000.00 |
| Valamchuzhy | 5,000.00 |
| Ulanadu | 4,500.00 |
| Angamoozhy | 4,000.00 |
| Kallelithottam | 4,000.00 |
| Mannarakulanji | 3,500.00 |
| Thottamon | 3,500.00 |
| Karumpekkal | 3,001.00 |
| Chengara | 3,000.00 |
| Karimanthodu | 3,000.00 |
| Keekozhur | 3,000.00 |

| | |
|---|---|
| Kurampala | 3,000.00 |
| Maniyar | 3,000.00 |
| Marygiri | 3,000.00 |
| Mulamthara | 3,000.00 |
| Muttathukonam | 3,000.00 |
| Ramanchira | 3,000.00 |
| Thonikkadavu | 3,000.00 |
| Moolakkayam | 2,500.00 |
| Kottamonpara | 2,000.00 |
| Kurichimuttom | 2,000.00 |
| Mezhuveli East | 2,000.00 |
| Thekkumala | 2,000.00 |
| Anjilikunnu | 1,500.00 |
| Aranmula | 1,500.00 |
| Lahai | 1,000.00 |
| Pambavali | 1,000.00 |

## Institutions

| | |
|---|---|
| Major Archdiocese, Trivandrum | 25,000.00 |
| All Saint's Public School, Adoor | 25,000.00 |
| Aryabharathi School, Omalloor | 14,000.00 |
| Carmel Central School, Payyanamon | 10,000.00 |
| St. Peter's Centre, Pathanamthitta | 10,000.00 |
| South Indian Bank, Pathanamthitta | 5,001.00 |
| KCSL, All Saint's School, Adoor | 5,000.00 |
| Mar Ivanios Central School, Vadasserikara | 5,000.00 |
| SHS, Mylapra | 5,000.00 |
| St. Benedict HSS, Thannithode | 5,000.00 |

| | |
|---|---|
| St. Mary's English Medium School, Omalloor | 5,000.00 |
| Sunday School, Pandalam District | 5,000.00 |
| Vimala Matha School, Pathanamthitta | 5,000.00 |
| Karunyamatha Mathrusamajam, Konni | 3,000.00 |
| SAV HS, Angamoozhy | 2,500.00 |
| Correspondent Office, Diocese of Pathanamthitta | 2,500.00 |
| MCYM, Pathanamthitta Diocese | 2,500.00 |
| St. Thomas Minor Seminary, Attarikom | 2,001.00 |
| Mar Baselios ITC, Chandanappally | 2,000.00 |
| MSC LP S Thonniamala | 2,000.00 |
| UPS, Kottamonpara | 2,000.00 |
| MSCLPS, Nannuvakadu | 1,500.00 |
| Legion of Mary, Mylapra Curia | 1,000.00 |
| MCYM, Thonniamala Unit | 1,000.00 |

## Convents

| | |
|---|---|
| Mother Provincial Bethany Convent, Nalanchira | 100,000.00 |
| Bethany Sisters Generalate, Kottayam | 50,000.00 |
| DM Provincial House, Venniyoor | 15,000.00 |
| Bethany Convent, Palayam | 10,000.00 |
| Bethany Provincial House, Pathanamthitta | 10,000.00 |
| Provincial Superior, DM Convent, Pongummoode | 10,000.00 |
| Bethany Convent, Ullannoor | 5,500.00 |
| DM Convent Alumthuruthy | 5,000.00 |
| Bethany Convent, Bhopal | 5,000.00 |
| Bethany Convent, Erezha | 5,000.00 |
| Bethany Convent, Elanthoor | 5,000.00 |
| Bethany Convent, Nangiarkulangara | 5,000.00 |

| | |
|---|---|
| Bethany Convent, Mylapra | 5,000.00 |
| Snehabhavan, Pathanamthitta | 5,000.00 |
| Gethasamen Convent, Thekkemala | 3,000.00 |
| Bethany Convent, Vakayar | 3,000.00 |
| Bethany Convent, Puthenpeedika | 3,000.00 |
| Bethany Convent, Chandanappally | 3,000.00 |
| DM Convent Anchal | 3,000.00 |
| DM Convent Thannithode | 2,500.00 |
| Bethany Convent, Angamoozhy | 2,000.00 |
| Bethany Convent, Kadammanitta | 2,000.00 |
| Bethany Convent, Perunad | 2,000.00 |
| Bethany Convent, Seethathode | 2,000.00 |
| DM Convent, Athirumkal | 2,000.00 |
| DM Convent, Thumpamon | 2,000.00 |
| DM Convent, Carmala | 2,000.00 |
| Gethasamen Convent, Manjanikara | 2,000.00 |
| Anonymous | 2,000.00 |
| Anonymous | 1,001.00 |
| Bethany Convent, Thattayil | 1,000.00 |
| Bethany Convent, Puliyoor | 1,000.00 |
| Bethany Convent, Vadasserikara | 1,000.00 |
| DM Convent, Karackad | 1,000.00 |
| Bethany Concent, Kudassanadu | 1,000.00 |
| Bethany Convent, Oottupara | 500.00 |

## Individuals

| | |
|---|---|
| Mr. Roy Indikattil, Vakayar | 100,000.00 |
| Mr. Josephin Praveen, Pandarathil, Chandanappally | 25,000.00 |
| Mr. Babykutty Mugal, Anandappally | 20,000.00 |
| His Excellency Samuel Mar Irenios | 15,000.00 |

| | |
|---|---|
| Mr. Albert (Contractor) | 10,000.00 |
| Nijo, Simi, Chris | 10,000.00 |
| Lijo & Juby | 10,000.00 |
| Mr. & Mrs. T.C. Alexander | 10,000.00 |
| Mr. Cherian Kaithon (Emkey Motors) | 10,000.00 |
| Mr. Jose Madamannil, Kuwait | 10,000.00 |
| Mr. S. Leon (Contractor) | 10,000.00 |
| Mr. Jossy Joseph, Thekkupurath Fasion Jewellery | 10,000.00 |
| Mrs. Leelamma Puthenpurackal, Seethathode | 10,000.00 |
| Mrs. Marykutty Geevarghese, Thattayil | 10,000.00 |
| Prof. John Thundy, Madappallil Kumbazha | 10,000.00 |
| Mr. Thomas Joseph (Thankachan) Maryvilla | 10,000.00 |
| Mr. T.P. Ninan, Annie Villa, Santhosh Jn. | 10,000.00 |
| Mr. Babu George, Kuzhimuriyil, Puthenpeedika | 10,000.00 |
| Mr. Stephen Robert (Contractor) | 5,000.00 |
| Mr. K.V. Mathew Korattickal, Valiyayanthi | 5,000.00 |
| Mr. N.V. Mathew Neduvelil House, Moolakayam | 5,000.00 |
| Rev. Fr. Jose Venmalottu | 5,000.00 |
| Mr. Rajan Thomas (FED Bank PTA) | 5,000.00 |
| Mr. Jose Geroge Mannil | 5,000.00 |
| Rt. Rev. Geevarghese Mannikarott Corepiscopo | 5,000.00 |
| Rev. Fr. Thomas Kuzhinapurath | 5,000.00 |
| Mr. Liju George Kaliyanthanam, Vadasserikara | 5,000.00 |
| Mrs. Soumya Susan Roy, Muttathil, Pathanamthitta | 5,000.00 |
| Mr. K.M. George Kanjirakattu | 5,000.00 |
| Mrs. Kunjumol Rajan, Vattathadiyil, Konni | 5,000.00 |
| Mr. Mammen Varghese, Omalloor | 5,000.00 |
| Mr. Thomas Idicula Kizhakkeveettil, Nalanchira | 5,000.00 |

| | |
|---|---|
| Mrs. Mariamma George, Vazhathottathil Puthuparambil | 5,000.00 |
| Mrs. Soosamma Skariah | 3,000.00 |
| Kuzhikkumthadathil Family | 2,000.00 |
| Mr. Roy C. Mammen & Deenamma, Anjilikunnu | 2,000.00 |
| Mr. Maniyan (Ashary) | 1,001.00 |
| Mr. Thomas Mathew Kottarathu | 1,000.00 |
| Mr. Thampi, Mundutharayil | 1,000.00 |
| Mr. Sleeba Omalloor | 500.00 |
| Mr. Biju Daniel, Biju Bhavan, Karakkad | 500.00 |
| Mr. K. Rajan Varuvathundil, Omalloor | 500.00 |
| Mr. Joseph Kunju, Kuttamperoor, Omalloor | 250.00 |

## വചനപ്രഘോഷണവും ജാഗരണധ്യാനവും

മണ്ണാറക്കുളഞ്ഞി സെന്റ് ജോൺ ക്രിസോസ്റ്റം ദൈവാലയത്തിൽ **എല്ലാ ബുധനാഴ്ചയും രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1.30 വരെ ജപമാല, വി.കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യാരാധന** എന്നിവ നടന്നു വരുന്നു.

കൂടുതൽ വിവരങ്ങൾക്കും പ്രാർത്ഥനായാചനകൾക്കും ബന്ധപ്പെടുക:

ഫാ. സെബാസ്റ്റ്യൻ കിഴക്കേതിൽ 0468 2300501;9495432631

# വാർത്തകൾ

## നാമഹേതുക തിരുനാൾ ആഘോഷിക്കുന്നു

മലങ്കര കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലിമീസ് കാതോലിക്കാബാവായുടെ നാമഹേതുക തിരുനാൾ 2012 ജനുവരി 2-ാം തീയതി ആഘോഷിക്കുന്നു. അന്നേ ദിവസം രാവിലെ 8 മണിക്ക് പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ അർപ്പിക്കപ്പെടുന്ന വി.കുർബാനയോടുകൂടിയാണ് തിരുനാൾ ആഘോഷങ്ങൾ ആരംഭിക്കുക.

## നാമഹേതുക തിരുനാൾ ആഘോഷിച്ചു

പത്തനംതിട്ട രൂപതാധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തായുടെ നാമഹേതുക തിരുനാൾ നവംബർ 12-ാം തീയതി ആഘോഷിച്ചു. അന്നേദിവസം രാവിലെ അഭിവന്ദ്യ പിതാവ് പത്തനംതിട്ട കത്തീഡ്രൽ ദൈവാലയത്തിൽ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് മെത്രാപ്പോലീത്താ, വികാരി ജനറാൾമാർ, കോറെപ്പിസ്ക്കോപ്പാമാർ, റമ്പാൻമാർ, ഭദ്രാസനത്തിലെ വൈദികർ എന്നിവരുടെ സഹകാർമികത്വത്തിൽ വി.കുർബാന അർപ്പിച്ചു. തിരുവല്ലാ അതിഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ വചനസന്ദേശം നല്കി ആശംസകൾ അറിയിച്ചു. തുടർന്നുള്ള തിരുനാൾ ആഘോഷങ്ങളിൽ ബാവാ തിരുമേനി സംബന്ധിക്കുകയും പത്തനംതിട്ട ഭദ്രാസനത്തിൽ പുതുതായി ആരംഭിച്ച പ്രിന്റിംഗ് പ്രസ്സ് കൂദാശ ചെയ്ത് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. തിരുനാൾ ആഘോഷങ്ങളിൽ മന്ത്രിമാരായ പി.ജെ.ജോസഫ്, അടൂർ പ്രകാശ് എന്നിവരും ശ്രീ.ആന്റോ ആന്റണി എം.പി, ശ്രീ.ശിവദാസൻ നായർ എം.എൽ.എ, ശ്രീ.രാജു ഏബ്രഹാം എം.എൽ.എ, മലങ്കര കത്തോലിക്കാ സഭയിലെയും ഇതര സഭകളിലേയും മെത്രാൻമാർ, സാമൂഹ്യ, സാംസ്കാരിക, രാഷ്ട്രീയ നേതാക്കൻമാർ എന്നിവർ സംബന്ധിച്ചു. തിരുനാൾ ദിവസം ഭദ്രാസനത്തിലെ 20 കുട്ടികൾക്ക് 25,000/- രൂപാ വീതം വിദ്യാഭ്യാസസഹായവും 15 പെൺകുട്ടികൾക്ക് 1,00,000/- രൂപാ വീതം വിവാഹസഹായവും വിതരണം ചെയ്തു.

## മുല്ലപ്പെരിയാർ സന്ദർശനം

മുല്ലപ്പെരിയാർ പുതിയ അണക്കെട്ട് നിർമ്മിക്കണമെന്നും മുപ്പതു ലക്ഷത്തിലധികം വരുന്ന ആളുകളുടെ ജീവനും സ്വത്തിനും സംരക്ഷണം നല്കണമെന്നും ഉള്ള ആവശ്യത്തോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് മലങ്കര കത്തോലിക്കാ സഭാതലവൻ മോറാൻ മോർ ബസേലിയോസ് ക്ലിമീസ് കാതോലിക്കാ ബാവായുടെ നേതൃത്വത്തിൽ അഭിവന്ദ്യ പിതാക്കൻമാരും ബഹുമാനപ്പെട്ട വൈദികരും അല്മായ പ്രതിനിധികളും ഡിസംബർ 5-ാം തീയതി മുല്ലപ്പെരിയാർ സന്ദർശി

ക്കുകയും സമരപ്പന്തലിൽ ഉള്ളവരെ സന്ദർശിച്ച് പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തു.

## വൈദികമന്ദിര കൂദാശ

മണ്ണീറ സെന്റ് ജോർജ്ജ് മലങ്കര കത്തോലിക്കാ ദൈവാലയത്തോടനുബന്ധിച്ച് പുതുതായി പണികഴിപ്പിച്ച വൈദിക മന്ദിരത്തിന്റെ കൂദാശ ഡിസംബർ മാസം 3-ാം തീയതി അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലിത്താ നിർവഹിച്ചു. കൂദാശകർമത്തിന് രൂപതയിലെ വൈദികരും വിശ്വാസസമൂഹവും സാക്ഷ്യം വഹിച്ചു. മന്ദിരത്തിന്റെ നിർമാണപ്രവർത്തനങ്ങൾക്കും കൂദാശയ്ക്കും ഇടവക വികാരി ഫാ.ജോസി ചിറയത്തും കമ്മറ്റി അംഗങ്ങളും നേതൃത്വം നല്കി.

## കുരിശടി കൂദാശ

ഉള്ളന്നൂർ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദൈവാലയത്തിനുവേണ്ടി മലഞ്ചരുവിൽ ശ്രീ.എം.വി.സാമുവൽ ദാനമായി നൽകിയ സ്ഥലത്ത് മലഞ്ചരുവിൽ കുടുംബാംഗങ്ങളും അഭ്യുദയകാംക്ഷികളും കൂടി ഭാരത സഭയുടെ പുണ്യവതിയായ വി.അൽഫോൻസാമ്മയുടെ നാമധേയത്തിൽ പണികഴിപ്പിച്ച കുരിശടിയുടെ ആശീർവാദ കർമം പത്തനംതിട്ട രൂപതാധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ നവംബർ 7 ന് നിർവഹിച്ചു.

## പുനരൈക്യവാർഷികം ആലോചനാമീറ്റിംഗ്

2012 ലെ പുനരൈക്യവാർഷികം സെപ്റ്റംബർ മാസത്തിൽ പത്തനംതിട്ട രൂപതയിൽ വച്ച് നടത്തുന്നു. അതിനോടനുബന്ധിച്ച് കത്തിഡ്രൽ കൂദാശയും നടത്താനാണ് ഉദ്ദേശിക്കുന്നത്. അതിന്റെ നടത്തിപ്പിലേക്കുള്ള ഒരു ആലോചനാമീറ്റിംഗ് അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിന്റേയും സഭയുടെ ആഘോഷങ്ങളുടെ ചുമതല വഹിക്കുന്ന വന്ദ്യ തോമസ് മാർ അന്തോണിയോസ് പിതാവിന്റേയും നേതൃത്വത്തിൽ 2012 ജനുവരി 14-ാം തീയതി ശനിയാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് പത്തനംതിട്ട കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് കൂടുന്നു. ബഹുമാനപ്പെട്ട വൈദികരും, പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും ഇടവക ട്രസ്റ്റിമാരും, സെക്രട്ടറിമാരും, സന്ന്യാസസമൂഹാംഗങ്ങളും സ്ഥാപനങ്ങളിലെ സുപ്പീരിയേഴ്സും ഈ മീറ്റിംഗിൽ വന്ന് സംബന്ധിക്കണം.

## നവവൈദികർക്ക് സ്വീകരണം.

ബഥനി സന്ന്യാസ സമൂഹത്തിനുവേണ്ടി വൈദികരായി അഭിഷേകം ചെയ്യപ്പെട്ട ബഹുമാനപ്പെട്ട ഫാ.മാത്യു ഷോബി പനച്ചങ്കുഴിയിൽ, ഫാ.ഗീവർഗീസ് ജോർജ്ജ് തിരുവാലിൽ, ഫാ.വർഗീസ് സജി പാറയിൽ, ഫാ.ഏബ്രഹാം അയ്യന്തിയിൽ, ഫാ.വർഗീസ് മുളവേലിൽ, ഫാ. തോമസ് ബിജിലി കാവുംങ്കൽ, ഫാ.ജോൺ ബ്രിട്ടോ ചരിവുകാലായിൽ എന്നിവർക്ക് 12.12.2011 ൽ പത്തനംതിട്ട അരമനയിൽ സ്വീക

രണം നൽകി. അഭിവന്ദ്യ പിതാവിനോടൊപ്പം പ്രാർത്ഥനയിലും ഭക്ഷണത്തിലും പങ്കെടുത്തുകൊണ്ട് ബഹുമാനപ്പെട്ട വൈദികർ ആ ദിവസം ചെലവഴിച്ചു.

## ക്രിസ്മസ് വൈദികസംഗമം

പത്തനംതിട്ട ഭദ്രാസനത്തിലെ ബഹുമാനപ്പെട്ട വൈദികർ ഡിസംബർ 15-ാം തീയതി അഭിവന്ദ്യ പിതാവിനോടൊപ്പം ക്രിസ്മസ് ആഘോഷിച്ചു. അഭിവന്ദ്യ പിതാവ് ക്രിസ്മസ് സന്ദേശം നൽകുകയും മധുരം പങ്കുവയ്ക്കുകയും ചെയ്തു.

## അരിവിതരണം

ഈ വർഷത്തെ ക്രിസ്മസിനോടനുബന്ധിച്ച് അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ, അൽ-ഇഹ്സാൻ -ചാരിറ്റബിൾ ട്രസ്റ്റ് വഴി 250 പാവപ്പെട്ടവർക്ക് 10 കിലോ അരി വീതം ഡിസംബർ 17-ാം തീയതി വിതരണം ചെയ്തു.

## അയൽക്കൂട്ടായ്മ

പത്തനംതിട്ട ഭദ്രാസനത്തിന്റെ അരമനയോടു ചേർന്നുള്ള വീടുകളേയും സ്ഥാപനങ്ങളേയും ഉൾപ്പെടുത്തികൊണ്ട് ഈ വർഷത്തെ ക്രിസ്മസ് ആഘോഷിക്കാൻ തീരുമാനിച്ചിരിക്കുന്നു. ഡിസംബർ 27-ാം തീയതി വൈകുന്നേരം 5 മണിക്കാണ് അഭിവന്ദ്യ പിതാവ് അയൽവാസികൾ ചേർന്നുള്ള ഈ ക്രിസ്മസ് കൂട്ടായ്മ സംഘടിപ്പിക്കുന്നത്

## സന്ന്യാസിനീസംഗമം

പത്തനംതിട്ട ഭദ്രാസനത്തിൽ ശുശ്രൂഷ ചെയ്യുന്ന വിവിധ സന്ന്യാസ സമൂഹങ്ങളിലെ സന്ന്യാസിനികളുടെ സംഗമം 2011 ഡിസംബർ 10-ാം തീയതി മൈലപ്രാ മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ച് അഭിവന്ദ്യ പിതാവിന്റെ സാന്നിധ്യത്തിൽ നടത്തപ്പെട്ടു. പ്രസ്തുത സംഗമത്തിൽ ബഹു. തോമസുകുട്ടി പനച്ചിക്കലും മേരിക്കുട്ടി പനച്ചിക്കലും ക്ലാസ്സുകൾ എടുത്തു.

## ഡീക്കൻസ് മിനിസ്ട്രി

പത്തനംതിട്ട ഭദ്രാസനത്തിനുവേണ്ടി വൈദികപഠനം പൂർത്തിയാക്കിയ ബഹുമാനപ്പെട്ട ഡീക്കൻ ജോഷ്വാ മാവേലിൽ, ഡീക്കൻ അലക്സാണ്ടർ കല്ലുകാലായിൽ എന്നിവർ ജനുവരി മാസം മുതൽ ഡീക്കൻസ് മിനിസ്ട്രയിലേയ്ക്ക് പ്രവേശിക്കുന്നു. ബഹുമാനപ്പെട്ട ഡീക്കൻമാർക്ക് പത്തനംതിട്ട ഭദ്രാസനത്തിന്റെ പ്രാർത്ഥനാശംസകൾ. മിനിസ്ട്രിയ്ക്കായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു.

ഡീക്കൻ ജോഷ്വാ മാവേലിൽ: മലങ്കര കാത്തലിക് ചർച്ച്, കടമ്മനിട്ട

ഡീക്കൻ അലക്സാണ്ടർ കല്ലുകാലായിൽ: മലങ്കര കാത്തലിക് ചർച്ച്, നെടുമൺകാവ്

## വൈദികവസ്ത്ര സ്വീകരണം

പത്തനംതിട്ട ഭദ്രാസനത്തിനുവേണ്ടി തത്വശാസ്ത്രപഠനം പൂർത്തിയാക്കി റീജൻസി നടത്തിക്കൊണ്ടിരുന്ന ബ്രദർ.ജോസഫ് എരുത്തിൻവിളയിൽ ഡിസംബർ 10-ാം തീയതി അരമന ചാപ്പലിൽ വച്ച് അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തായിൽ നിന്ന് വൈദികവസ്ത്രം സ്വീകരിച്ചു. ബഹുമാനപ്പെട്ട ബ്രദറിന് പത്തനംതിട്ട ഭദ്രാസനത്തിന്റെ പ്രാർത്ഥനാശംസകൾ.

## ജില്ലാ ഡയറക്ടർമാർ

പത്തനംതിട്ട ഭദ്രാസനത്തിലെ നാലു വൈദിക ജില്ലകളിലെയും ഭക്തസംഘടനകളുടെ ഡയറക്ടേഴ്സിനെ തെരഞ്ഞെടുത്തത് പിതാവ് അംഗീകരിച്ച് കല്പനകൾ നൽകി. അവരുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

### പന്തളം വൈദികജില്ല

| | | |
|---|---|---|
| സൺഡേസ്കൂൾ | : | റവ.ഫാ. മാത്യു പുത്തൻപുരയ്ക്കൽ |
| എം.സി.വൈ.എം. | : | റവ.ഫാ.ജോസഫ് തുണ്ടിയൂഴത്തിൽ |
| മാതൃസമാജം | : | റവ.ഫാ.സഖറിയാസ് നെടിയകാലായിൽ |
| എം.സി.എ. | : | റവ.ഫാ.സ്ലീബാദാസ് ചരിവുപുരയിടത്തിൽ |

### കോന്നി വൈദികജില്ല

| | | |
|---|---|---|
| സൺഡേസ്കൂൾ | : | റവ.ഫാ. ഏബ്രഹാം മേപ്പുറത്ത് |
| എം.സി.വൈ.എം. | : | റവ.ഫാ.ജോസി ചിറയത്ത് |
| മാതൃസമാജം | : | റവ.ഫാ.മാർട്ടിൻ പുത്തൻവീട് |
| എം.സി.എ. | : | റവ.ഫാ.ജോൺ.ജി.വടക്കേപ്പുറം |

### പത്തനംതിട്ട വൈദികജില്ല

| | | |
|---|---|---|
| സൺഡേസ്കൂൾ | : | റവ.ഫാ. ജോർജ് വർഗീസ് പുതുപ്പറമ്പിൽ |
| എം.സി.വൈ.എം. | : | റവ.ഫാ.പോൾ നിലയ്ക്കൽ തെക്കേതിൽ |
| മാതൃസമാജം | : | റവ.ഫാ.വർഗീസ് ചാമക്കാലായിൽ |
| എം.സി.എ. | : | റവ.ഫാ.ഡാനിയേൽ നാരകത്തിനാൽ |

### റാന്നി - പെരുനാട് വൈദികജില്ല

| | | |
|---|---|---|
| സൺഡേസ്കൂൾ | : | റവ.ഫാ. തോമസ് ഈട്ടിക്കാലായിൽ |
| എം.സി.വൈ.എം. | : | റവ.ഫാ.സാം ജോൺ കുഴിപ്പാറ |
| മാതൃസമാജം | : | റവ.ഫാ.റോബിൻ മനക്കലേത്ത് |
| എം.സി.എ. | : | റവ.ഫാ.സെബാസ്റ്റ്യൻ കിഴക്കേതിൽ |

## Eparchial Marriage Tribunal News

| Prot. No. | Petitioner / Respondent | Desicion. | Date |
|---|---|---|---|
| ETPTA 14/11 | Raju George / Rosamma | Affirmative | 15.12.2011 |
| ETPTA 15/11 | A.T.Mathew/ Suma Abraham | Affirmative | 19.12.2011 |

# വിശ്വാസ പരിശീലന കാര്യാലയം

## സർഗോത്സവം 2011

പത്തനംതിട്ട ഭദ്രാസനത്തിലെ വിശ്വാസ പരിശീലനത്തിലുൾപ്പെട്ടിരിക്കുന്ന കുട്ടികളുടെ കലാ സാഹിത്യ കഴിവുകൾ വളർത്തുന്നതിനായി സംഘടിപ്പിച്ച സർഗോത്സവം 2011 ഡിസംബർ 5 ന് ഓമല്ലൂർ ആര്യഭാരതി ഹൈസ്കൂളിൽ വച്ച് നടത്തപ്പെട്ടു. മുഖ്യ വികാരി ജനറാൾ മോൺ. ജോസ് ചാമക്കാലായിൽ ഉദ്ഘാടനം നിർവഹിച്ചു. നാലു വൈദിക ജില്ലകളിൽ നിന്ന് മുന്നൂറോളം കുട്ടികൾ മൂന്ന് വേദികളിൽ തങ്ങളുടെ കലാശേഷിയുടെ മാറ്റുരച്ചു. 154 പോയിന്റോടെ കോന്നി വൈദികജില്ല ഒന്നാം സ്ഥാനവും, 131 പോയിന്റോടെ പന്തളം, പത്തനംതിട്ട വൈദിക ജില്ലകൾ രണ്ടാം സ്ഥാനവും, 110 പോയിന്റോടെ റാന്നി -പെരുനാട് വൈദികജില്ല മൂന്നാം സ്ഥാനവും നേടി. കലാ പ്രതിഭകളായി സാന്ദ്ര എ.ഫിലിപ്പ്, (വലഞ്ചുഴി, കോന്നി നഴ്സറി വിഭാഗം) ആൽബി റോമിയോ തോമസ് (ഇലന്തൂർ പത്തനംതിട്ട, ജൂനിയർ വിഭാഗം) നീതു എൽസാ അനിൽ (തട്ട, പന്തളം, ഇന്റർമീഡിയറ്റ്സ്) എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. സമാപന സമ്മേളനത്തിൽ രൂപതാ വികാരി ജനറാൾ മോൺ. ചാക്കോ തടത്തിൽ സമ്മാനദാനം നിർവഹിച്ചു. വിശ്വാസപരിശീലന കാര്യാലയവുമായി ബന്ധപ്പെട്ട വൈദിക ജില്ലാ ഡയറക്ടറുമാർ, സിസ്റ്റേഴ്സ്, എക്സിക്യൂട്ടീവ് അംഗങ്ങൾ, ജില്ലാ സെക്രട്ടറിമാർ, ഹെഡ്മാസ്റ്റേഴ്സ്, അധ്യാപകർ, എന്നിവർ നേതൃത്വം നൽകി.

## മനോയാനം

മതബോധനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ സൺഡേ സ്കൂൾ കുട്ടികൾക്കായി മനോയാനം എന്ന പേരിൽ കൗൺസലിംഗ് പദ്ധതി തുടങ്ങി. മുഖ്യ വികാരി ജനറാൾ മോൺ.ജോസ് ചാമക്കാലായിൽ പുത്തൻപീടിക സെന്റ് തോമസ് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ ഡിസംബർ 17-ാം തീയതി ഉദ്ഘാടനം ചെയ്തു. ഹോളി ഫാമിലി ചാരിറ്റബിൾ സൊസൈറ്റിയുമായി ബന്ധപ്പെട്ട് നടത്തിയ ഈ പരിപാടിക്ക് മനശ്ശാസ്ത്രകൗൺസലിംഗിൽ ആധികാരിക പഠനമുള്ളവർ ക്ലാസ്സുകൾ എടുത്തു. കൗൺസിലിംഗിന്റെ പരിപാടി എല്ലാ മാസത്തിലും തുടരുന്നു. പുത്തൻപീടിക ദൈവാലയത്തിലെ വിൻസെന്റ് ഡി പോൾ സൊസൈറ്റിയും മാതൃസമാജവും ചേർന്ന് ഈ പരിപാടിക്ക് നേതൃത്വം നൽകി. കൗൺസലിംഗ് ആവശ്യമുള്ള പള്ളികൾ ദയവായി രൂപതാ സൺഡേസ്കൂൾ ഡയറക്ടറുമായി ബന്ധപ്പെടുക.

# എം.സി.വൈ.എം

## എം.സി.വൈ.എം ജില്ലാ രൂപതാ ഭാരവാഹികളുടെ മീറ്റിംഗ്

എം.സി.വൈ.എം പത്തനംതിട്ട രൂപതാഭാരവാഹികളുടെയും വൈദികജില്ലാഭാരവാഹികളുടെയും ഒരു സംയുക്ത യോഗം നവംബർ

7-ാം തീയതി കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് കൂടുകയുണ്ടായി. അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം യോഗം ഉദ്ഘാടനം ചെയ്തു. രൂപതാ വികാരി ജനറൽ മോൺ. ചാക്കോ തടത്തിൽ, ഫാ.ജോൺ തുണ്ടിയത്ത്, രൂപതാ ഡയറക്ടർ ഫാ.വർഗീസ് വിളയിൽ, ജില്ലാ ഡയറക്ടർമാരായ ഫാ.പോൾ നിലയ്ക്കൽ തെക്കേതിൽ, ഫാ.ജോസഫ് തുണ്ടിയൂഴത്തിൽ, ഫാ.സാം ജോൺ കുഴിപ്പാറ, ഫാ.ജോസി ചിറയത്ത്, രൂപതാ പ്രസിഡന്റ് അജു തോമസ്, ജനറൽ സെക്രട്ടറി ഷിജോ.വി. വർഗീസ്, ജില്ലാ സിസ്റ്റർ ആനിമേറ്റർമാർ, രൂപതാ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

## മനുഷ്യാവകാശ ദിനാചരണം

രൂപതാ എം.സി.വൈ.എം ന്റെ ആഭിമുഖ്യത്തിൽ റാന്നി - പെരുനാട് വൈദിക ജില്ലയുടെ ആതിഥേയത്വത്തിൽ മനുഷ്യാവകാശദിനാചരണം കുമ്പഴ മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. മനുഷ്യമഹത്വം ക്രിസ്തീയ കാഴ്ചപ്പാടിൽ എന്ന വിഷയത്തെ ആസ്പദമാക്കി പ്രൊഫസർ.കെ.വി.തോമസുകുട്ടി ക്ലാസ്സെടുത്തു. രൂപതാ ഡയറക്ടർ ഫാ. വർഗീസ് വിളയിൽ ജില്ലാ ഡയറക്ടർ ഫാ. സാം ജോൺ കുഴിപ്പാറ, ഫാ.ജോസ് കുരുവിള ഒ.ഐ.സി, രൂപതാ പ്രസിഡന്റ് അജു തോമസ്, ജില്ലാ പ്രസിഡന്റ് ടിനു. ടി. മാത്യു എന്നിവർ പ്രസംഗിച്ചു. മുല്ലപ്പെരിയാർ പ്രശ്നത്തിൽ രൂപതാ എം.സി.വൈ.എം പ്രസ്ഥാനത്തിന്റെ പ്രതിഷേധം അറിയിച്ചുകൊണ്ടുള്ള പ്രമേയം രൂപതാ ജനറൽ സെക്രട്ടറി ഷിജോ വി.വർഗീസ് അവതരിപ്പിച്ചു.

## യുവജനധ്യാനവും ജില്ലാ തെരഞ്ഞെടുപ്പും

യുവജനങ്ങൾക്കുവേണ്ടി ജില്ലാ തലങ്ങളിൽ ധ്യാനവും തെരഞ്ഞെടുപ്പും നവംബർ 26, ഡിസംബർ 3 എന്നീ തീയതികളിൽ വിവിധ ജില്ലകളിൽ വച്ച് നടത്തപ്പെട്ടു. യുവജനധ്യാനത്തിന് ഫാ.ഏബ്രഹാം മേപ്പുറത്ത്, ഫാ.ബിനോയി മാത്യു പുതുപ്പറമ്പിൽ എന്നിവർ നേതൃത്വം നൽകി.

## ജില്ലാ ഭാരവാഹികൾ

### പത്തനംതിട്ട

1. ഷാജി.ടി,പുത്തൻപീടിക (പ്രസിഡന്റ്)
2. സുബി കെ.എസ്, തോന്ന്യാമല (വൈസ് പ്രസിഡന്റ്)
3. ഷെഫി ജോർജ്ജ്, ഏറത്തുമ്പമൺ (വൈസ് പ്രസിഡന്റ്)
4. ആശംസ് മാത്യു, തോന്ന്യാമല (സെക്രട്ടറി)
5. സോർബി സാം, കീക്കൊഴൂർ (ജോയിന്റ് സെക്രട്ടറി)
6. ലിജി പാപ്പച്ചൻ, ഏറത്തുമ്പമൺ (ജോയിന്റ് സെക്രട്ടറി)
7. അജോയ് പി.തോമസ്, വയലത്തല (ട്രഷറാർ)
8. അജോ.സി.ജോൺ, പത്തനംതിട്ട (രൂപതാ സിൻഡിക്കേറ്റ്)

9. ജോർജ് സ്കോട്ട് സ്ലീബാ, ഓമല്ലൂർ (രൂപതാ സിൻഡിക്കേറ്റ്)
10. വിവേക് തോമസ്, വാഴമുട്ടം (രൂപതാ സിൻഡിക്കേറ്റ്)
11. ലിൻസി കോശി, പത്തനംതിട്ട (രൂപതാ സിൻഡിക്കേറ്റ്)

## കോന്നി

1. ടിനു.കെ.രാജ്, നെടുമൺകാവ് (പ്രസിഡന്റ്)
2. സിറിൽ രാജൻ, കൂടൽ (വൈസ് പ്രസിഡന്റ്)
3. ജിജോ കുഞ്ഞുമോൻ, ഊട്ടുപാറ (സെക്രട്ടറി)
4. ജോബിൻ ഈനോസ്, വകയാർ (ജോയിന്റ് സെക്രട്ടറി)
5. ലിറ്റി തോമസ്, മുറിഞ്ഞകൽ (ജോയിന്റ് സെക്രട്ടറി)
6. ബിനോയി ജോൺ, മുളന്തറ (ട്രഷറാർ)
7. റെന്നി രാജ്, തണ്ണിത്തോട് (രൂപതാ സിൻഡിക്കേറ്റ്)
8. അജി ഡാനിയേൽ, പൂങ്കാവ് (രൂപതാ സിൻഡിക്കേറ്റ്)
9. ജെയ്സൺ മാത്യു, എലിമുള്ളുംപ്ലാക്കൽ (രൂപതാ സിൻഡിക്കേറ്റ്)
10. ലിൻസി കെ.ഡാനിയേൽ, വകയാർ (രൂപതാ സിൻഡിക്കേറ്റ്)

## റാന്നി - പെരുനാട്

1. സിബി മാമ്മൻ,വടക്കുപുറം (പ്രസിഡന്റ്)
2. റീനാ റെജി, മാമ്പാറ (വൈസ് പ്രസിഡന്റ്)
3. ക്രിസ്റ്റി, അമലഗിരി (വൈസ് പ്രസിഡന്റ്)
4. ബിജു തോമസ്, മാമ്പാറ (സെക്രട്ടറി)
5. ജിബു വിൽസൺ, അമലഗിരി (ജോയിന്റ് സെക്രട്ടറി)
6. അപ്പു, കുമ്പഴ (ജോയിന്റ് സെക്രട്ടറി)
7. അഞ്ജലി, മൈലപ്രാ (ട്രഷറാർ)
8. അജു തോമസ്, തെക്കുംമല (രൂപതാ സിൻഡിക്കേറ്റ്)
9. ടിനു.ടി.മാത്യു, ചിറ്റാർ (രൂപതാ സിൻഡിക്കേറ്റ്)
10. അജിത്ത് മാത്യു ചെറിയാൻ, മൈലപ്രാ (രൂപതാ സിൻഡിക്കേറ്റ്)
11. ജെബി.പി.ജോൺ, വടശ്ശേരിക്കര (രൂപതാ സിൻഡിക്കേറ്റ്)

## പന്തളം

1. ബിനോയി ജോയി, ഉളനാട് (പ്രസിഡന്റ്)
2. ബിനു ബാബു, രാമൻചിറ (വൈസ് പ്രസിഡന്റ്)
3. ബ്ലെസ്സി എസ്.ബാബു, ഉളനാട് (വൈസ് പ്രസിഡന്റ്)
4. രെബു.എം.രാജു, മാമ്പിലാലി (സെക്രട്ടറി)
5. ജോബിൻ തോമസ്, പന്തളം (ജോയിന്റ് സെക്രട്ടറി)
6. നീതി വർഗീസ്, കുറിച്ചിമുട്ടം (ജോയിന്റ് സെക്രട്ടറി)
7. നിബു ഫിലിപ്പ്, പറന്തൽ (ട്രഷറാർ)
8. അജിൻ ചാക്കോ, കാരയ്ക്കാട് (രൂപതാ സിൻഡിക്കേറ്റ്)
9. ഷിജോ.വി.വർഗീസ്, ഉള്ളന്നൂർ (രൂപതാ സിൻഡിക്കേറ്റ്)
10. റിനോയി വർഗീസ്, പമ്പുമല (രൂപതാ സിൻഡിക്കേറ്റ്)
11. സിജി മാത്യു പമ്പുമല (രൂപതാ സിൻഡിക്കേറ്റ്)

# കുടുംബപ്രേഷിത കാര്യാലയം

പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ എല്ലാ മാസവും രണ്ടാം വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ പഴകുളം പാസിൽ വച്ച് നടത്തപ്പെടുന്ന സെമിനാറിന്റെ 2012 ലെ തീയതികൾ ചുവടെ ചേർക്കുന്നു

| പഴകുളം പാസ്സ് 2012 | | | |
|---|---|---|---|
| **ജനുവരി** | **13,14,15** | **ജൂലൈ** | **6,7,8** |
| **ഫെബ്രുവരി** | **10,11,12** | **ആഗസ്റ്റ്** | **10,11,12** |
| **മാർച്ച്** | **9,10,11** | **സെപ്റ്റംബർ** | **7,8,9** |
| **ഏപ്രിൽ** | **13,14,15** | **ഒക്ടോബർ** | **12,13,14** |
| **മെയ്** | **11,12,13** | **നവംബർ** | **9,10,11** |
| **ജൂൺ** | **8,9,10** | **ഡിസംബർ** | **7,8,9** |

പ്രത്യേക ശ്രദ്ധയ്ക്ക്

- ♦ സെമിനാർ വെള്ളിയാഴ്ച 9.00a.m. ന് ആരംഭിച്ച് ഞായറാഴ്ച 1.00p.m. ന് അവസാനിക്കും.
- ♦ സെമിനാറിൽ പങ്കെടുക്കുന്നവർ ഫോൺ മുഖേനയോ, നേരിട്ടോ രൂപതാ ഫാമിലി അപ്പസ്തോലേറ്റ് ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.
- ♦ രജിസ്ട്രേഷൻ ഫീസ് 500 രൂപ ആയിരിക്കും.
- ♦ സെമിനാറിന്റെ 3-ാം ദിവസമായ ഞായറാഴ്ച 11.30a.m ന് മാതാപിതാക്കൾ ക്ലാസ്സിൽ സംബന്ധിക്കേണ്ടതാണ്.
- ♦ സെമിനാറിൽ പങ്കെടുക്കുന്നവർ നോട്ടുബുക്ക്, പേന, ബഡ്ഷീറ്റ്, 3 ദിവസത്തേക്ക് താമസിക്കാൻ ആവശ്യമായ മറ്റു സാധനങ്ങളും കരുതിയിരിക്കണം.
- ♦ സെമിനാറിൽ ആദ്യാവസാനം പങ്കെടുക്കാത്തവർക്ക് സർട്ടിഫിക്കറ്റ് നല്കുന്നതല്ല.
- ♦ വൈകുന്നേരങ്ങളിലോ മറ്റ് അവസരങ്ങളിലോ സെമിനാർ വിട്ടുപോകാൻ അനുവദിക്കുന്നതല്ല.
- ♦ സെമിനാറിനിടെ സന്ദർശകരെ സ്വീകരിക്കുന്നതല്ല.
- ♦ മറുവശത്ത് വികാരിയച്ചന്റെ സീലും ഒപ്പും ഉള്ള ഒരു പാസ്പോർട്ട് സൈസ് ഫോട്ടോ കൊണ്ടുവരേണ്ടതാണ്.

Office: Family Apostolate
Upasana Pastrol Centre
Azhoor,
Pathanamthitta - 689645

Fr.Joseph Erattapulickal (Boby)
Director

Ph: 9446297841

**അടൂർ → (കായംകുളം റൂട്ട്) 5Km → തെങ്ങുംതാര ജംഗ്ഷൻ (പഴകുളംപാസ്സ്)**

## തെരഞ്ഞെടുപ്പ്

രണ്ടുവർഷത്തേയ്ക്കുള്ള (2012-2014) മാതൃസംഘം ഭാരവാഹികളെ മൂന്ന് വൈദിക ജില്ലകളിൽ തെരഞ്ഞെടുത്തു. ഇവരുടെ പേരുവിവരങ്ങൾ താഴെ ചേർക്കുന്നു.

## റാന്നി - പെരുനാട് വൈദികജില്ല

| | | |
|---|---|---|
| പ്രസിഡന്റ് | : | സുജ ബാബു, മേക്കൊഴൂർ |
| വൈസ് പ്രസിഡന്റ് | : | ജോളി ജോർജ്ജ് ആങ്ങമൂഴി |
| സെക്രട്ടറി | : | പൊന്നമ്മ തോമസ് |
| ജോയിന്റ് സെക്രട്ടറി | : | സൂസമ്മ ഫിലിപ്പ് ചിറ്റാർ |
| ട്രഷറാർ | : | ലീലാമ്മ ജോർജ്ജ് വടശ്ശേരിക്കര |

## പന്തളം വൈദികജില്ല

| | | |
|---|---|---|
| പ്രസിഡന്റ് | : | സൂസമ്മ അലക്സ് ചന്ദനപ്പള്ളി |
| വൈസ് പ്രസിഡന്റ് | : | ജെസ്സി ജോയി ഉള്ളന്നൂർ |
| സെക്രട്ടറി | : | മറിയം ജോർജ്ജ് പമ്പുമല |
| ജോയിന്റ് സെക്രട്ടറി | : | ബിന്ദു ബിജു പന്തളം |
| ട്രഷറാർ | : | സൂസൻ തോമസ് തുമ്പമൺ |

## കോന്നി വൈദികജില്ല

| | | |
|---|---|---|
| പ്രസിഡന്റ് | : | ഷീജ ഏബ്രഹാം ആഞ്ഞിലികുന്ന് |
| വൈസ് പ്രസിഡന്റ് | : | മണി ബേബി നെടുമൺകാവ് |
| സെക്രട്ടറി | : | ആനി മത്തായി കോന്നിത്താഴം |
| ജോയിന്റ് സെക്രട്ടറി | : | ലില്ലിക്കുട്ടി ജോയി കിഴവള്ളൂർ |
| ട്രഷറാർ | : | കുഞ്ഞമ്മ സക്കറിയ വകയാർ |

## പത്തനംതിട്ട വൈദികജില്ല

| | | |
|---|---|---|
| പ്രസിഡന്റ് | : | ലിസി ജോൺ തോട്ടുപുറം |
| വൈസ് പ്രസിഡന്റ് | : | ജോൺസി ജയിംസ് വാഴമുട്ടം |
| സെക്രട്ടറി | : | ലീലാമ്മ സാമുവൽ കടമ്മനിട്ട |
| ജോയിന്റ് സെക്രട്ടറി | : | സൂസൻ രാജ് നാരങ്ങാനം |
| ട്രഷറാർ | : | മോളി ഏബ്രഹാം പത്തനംതിട്ട |

## രൂപതാ തെരഞ്ഞെടുപ്പ്

മാതൃസംഘത്തിന്റെ രണ്ടു വർഷത്തേയ്ക്കുള്ള രൂപതാ ഭാരവാഹികളെ 2012 ജനുവരി 7 ന് സെന്റ് പീറ്റേഴ്സ് കത്തീഡ്രലിൽ വച്ച് തെരഞ്ഞെടുക്കുന്നതാണ്.

## മാതൃമഹോത്സവം 2011

2011 ഡിസംബർ 10 ന് രൂപതാതല മാതൃമഹോത്സവം സെന്റ് പീറ്റേഴ്സ് കത്തീഡ്രലിൽ വച്ച് നടത്തപ്പെട്ടു. കോന്നി വൈദികജില്ല 80 പോയിന്റു നേടി ഒന്നാം സ്ഥാനവും പത്തനംതിട്ട വൈദിക ജില്ല 75 പോയിന്റ് നേടി രണ്ടാം സ്ഥാനവും പന്തളം വൈദിക ജില്ല 68 പോയിന്റ് നേടി മൂന്നാം സ്ഥാനവും, റാന്നി പെരുന്നാട് വൈദികജില്ല 33 പോയിന്റ് നേടി നാലാം സ്ഥാനവും നേടി.

## ശാലോം പ്രിന്റേഴ്സ് & ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്
## സെന്റ് പീറ്റേഴ്സ് ജംഗ്ഷൻ
## പത്തനംതിട്ട

പത്തനംതിട്ട ഭദ്രാസനത്തിന്റെ ചുമതലയിൽ ആരംഭിച്ച ശാലോം പ്രിന്റേഴ്സ് & ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ഘാടന കർമത്തിൽ വന്ന് സംബന്ധിച്ച് അനുഗ്രഹിച്ച എല്ലാവരോടും നന്ദി അറിയിക്കുന്നു. അഭിവന്ദ്യ പിതാവിന്റെ നാമഹേതുകതിരുനാളിൽ നമ്മുടെ ഭദ്രാസനത്തിന് ലഭിച്ച സമ്മാനമാണല്ലോ ഇത്. നമ്മുടെ ഭദ്രാസനത്തിലെ എല്ലാ ദൈവാലയങ്ങൾക്കും സ്ഥാപനങ്ങൾക്കും പത്തനംതിട്ട നഗരത്തിനും ഇത് വലിയ അനുഗ്രഹമാണ്. ആയതിനാൽ എല്ലാവരുടെയും പൂർണമായ സഹകരണം പ്രതീക്ഷിക്കുന്നു. തിരുനാൾ നോട്ടീസുകൾ, സുവനിർ, ബിൽബുക്കുകൾ, വൗച്ചറുകൾ, ലെറ്റർ പാഡുകൾ, പോസ്റ്ററുകൾ, ഡയറക്ടറി, വെഡ്ഡിംഗ് കാർഡുകൾ തുടങ്ങി പ്രിന്റിംഗ് സംബന്ധമായ എല്ലാ ജോലികളും ഉത്തരവാദിത്വത്തോടെയും ന്യായമായും ചെയ്യുവാൻ നമുക്കു സാധിക്കും. നമ്മുടെ എല്ലാ ദൈവാലയങ്ങളിലും ഇതുമായി ബന്ധപ്പെട്ട അറിയിപ്പുകൾ നൽകുകയും, പ്രസ്സിനെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുകയും അവരെ ഇവിടേക്ക് പറഞ്ഞയയ്ക്കുകയും ചെയ്ത് പ്രസ്സിന്റെ വളർച്ചയ്ക്ക് സഹായിക്കണമെന്ന് അപേക്ഷിക്കുന്നു. സഹകരണവും പ്രോത്സാഹനവും പ്രാർത്ഥനയും അപേക്ഷിച്ചുകൊണ്ട്,

**സ്നേഹപൂർവം,**

**ഫാ. പോൾ നിലയ്ക്കൽ തെക്കേതിൽ**
**ഡയറക്ടർ**
**ഫോൺ : 0468 2220110, 9495926750(M)**

## പൊതു മാസധ്യാനം

***പത്തനംതിട്ട ഭദ്രാസനത്തിലെ ബഹുമാനപ്പെട്ട വൈദികരുടെ പൊതുമാസധ്യാനം 2012 ജനുവരി 25 ന് ഇലന്തൂർ മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടത്തപ്പെടുന്നു. രാവിലെ 9.30 മുതൽ 1 മണി വരെ ആയിരിക്കും ധ്യാനം നടത്തപ്പെടുക.***

## എം. സി. എ

### മുല്ലപ്പെരിയാർ ഐക്യദാർഢ്യസമ്മേളനം.

മലങ്കര കാത്തലിക് അസോസിയേഷൻ പത്തനംതിട്ട രൂപതാസമിതി മനുഷ്യാവകാശദിനത്തിൽ മുല്ലപ്പെരിയാർ ഐക്യദാർഢ്യ സമ്മേളനം നടത്തി. അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ സമ്മേളനം ഉദ്ഘാടനം ചെയ്തു.

## സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

സെന്റ് വിൻസെന്റ് ഡി പോൾ സോസൈറ്റി പത്തനംതിട്ട സെൻട്രൽ കൗൺസിലിന്റെ പ്രഥമവാർഷികം നവംബർ 6 ന് മൈലപ്രായിൽ ആഘോഷിച്ചു. ചീഫ് വികാരി ജനറൽ മോൺ.ജോസ് ചാമക്കാലായിൽ ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. 2 മണിക്കാരംഭിച്ച വാർഷികസമ്മേളനം അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവ് ഉദ്ഘാടനം ചെയ്തു. വാർഷിക റിപ്പോർട്ട് ചീഫ് എഡിറ്റർ ബ്രദർ പീറ്റർ സി ഏബ്രഹാമിൽ നിന്ന് സ്വീകരിച്ച് അഭിവന്ദ്യ പിതാവ് ബഹു.ജോർജ്ജ് ജേക്കബ് അച്ചന് നൽകിക്കൊണ്ട് പ്രകാശനം ചെയ്തു. യുവജനങ്ങൾക്കായി നടത്തിയ മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയവർക്ക് ഫാ.ജോർജ്ജ് ജേക്കബ് സമ്മാനവിതരണം നടത്തി. കൂടുതൽ പോയിന്റ് നേടിയ ഇലന്തൂർ, മൈലപ്രാ, ചന്ദനപ്പള്ളി ഏറിയാ കൗൺസിലുകൾക്ക് എവർ റോളിംഗ് ട്രോഫികൾ സമ്മാനിച്ചു.

## വിശുദ്ധനാട് തീർത്ഥാടനം

മലങ്കര കത്തോലിക്കാ സഭയിലെ പിതാക്കന്മാരുടെ നിർദേശപ്രകാരം ബഹു.ജോസഫ് കുരുമ്പിലേത്തച്ചൻ വിശുദ്ധ നാട് തീർത്ഥാടനം കുറെ വർഷങ്ങളായി ക്രമീകരിച്ചു വരുന്നു. നമ്മുടെ വൈദികരുടെ കൂട്ടായ്മയിൽ പോയാൽ വി.കുർബാന പ്രധാന സ്ഥലങ്ങളിൽ അർപ്പിക്കുവാൻ സൗകര്യം ലഭിക്കും. അടുത്ത യാത്ര 2012 ഏപ്രിൽ മാസം അവസാനം. യൂറോപ്പിലെ പുണ്യസ്ഥലങ്ങളിലേക്ക് മെയ് മാസത്തിൽ. കുടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: ഫാ.ജോസഫ് കുരുമ്പിലേത്ത്, മാമ്പിലാലി, തുമ്പമൺ ചർച്ച്. ഫോൺ: 9447393493.

## മദ്യവിരുദ്ധ സമിതി

കെ.സി.ബി.സി യുടെ നിർദേശപ്രകാരം എല്ലാ ഇടവകകളുടെയും പ്രാതിനിധ്യം ഉറപ്പാക്കികൊണ്ട് രൂപതാമദ്യവിരുദ്ധസമിതി രൂപികരിക്കുന്നതിനായി ബഹുമാനപ്പെട്ട വികാരി അച്ചന്മാർ നിർദേശിക്കുന്ന അൽമായരുടെ പേരുകൾ താഴെപ്പറയുന്ന വിലാസത്തിൽ അയച്ചുതരികയോ, വിളിച്ചറിയിക്കുകയോ ചെയ്യുവാൻ താല്പര്യപ്പെടുന്നു:

**ഫാ.റോബിൻ മനക്കലേത്ത്**
**സെന്റ് ജെയിംസ് മലങ്കര കാതലിക് ചർച്ച്**
**വയ്യാറ്റുപുഴ പി.ഒ, ചിറ്റാർ**
**ഫോൺ:9447762266**

# അനുഗ്രഹ സോഷ്യൽ സർവീസ് സൊസൈറ്റി

## സാന്ത്വനം ചികിത്സാ സഹായ പദ്ധതി

അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനിയുടെ നാമഹേതുക തിരുനാളിനോട് അനുബന്ധിച്ച് സഭയുടെ ഔദ്യോഗിക സാമൂഹിക ക്ഷേമ സേവന വിഭാഗമായ അനുഗ്രഹ സോഷ്യൽ സർവീസ് സൊസൈറ്റി സാന്ത്വനം എന്ന പേരിൽ നിർധനരായ ക്യാൻസർ രോഗികൾക്കുള്ള സഹായഫണ്ടിനുവേണ്ടി മാക്കാംകുന്ന് സെന്റ് സ്ററീഫൻസ് ഓഡിറ്റോറിയത്തിൽ വെച്ച് മജീഷ്യൻ സാമ്രാജിന്റെ മാന്ത്രിക വിസ്മയം നടത്തി. തദവസരത്തിൽ അഭിവന്ദ്യ തിരുമേനി സാന്ത്വനം പദ്ധതി ഉദ്ഘാടനം ചെയ്തു. നിർധനരായ ക്യാൻസർ രോഗികൾക്കുള്ള ഫണ്ട് ബഹു. കേരളാ ആരോഗ്യവകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശ് വിതരണം ചെയ്തു.

## മുട്ടക്കോഴിക്കുഞ്ഞ് വിതരണം

അനുഗ്രഹ സോഷ്യൽ സർവീസ് സൊസൈറ്റി സീതത്തോട് യൂണിറ്റിന്റെ നേതൃത്വത്തിൽ സ്വയം സഹായ സംഘാഗംങ്ങൾക്ക് 45 ദിവസം പ്രായമായ മുട്ടക്കോഴികളെ വിതരണം ചെയ്തു. പ്രസ്തുത പരിപാടിയുടെ ഉദ്ഘാടനം യൂണിറ്റ് ഡയറക്ടർ റവ. ഫാ. എ.ഡി.ജോസ് കളവിള നിർവഹിച്ചു.

## സംരംഭകത്വ വികസന പരിശീലനം

നബാർഡിന്റെ സഹായത്തോടുകൂടി അനുഗ്രഹയുടെ ആങ്ങമുഴി, ആഞ്ഞിലികുന്ന് യൂണിറ്റുകളിൽ വച്ച് ഫുഡ് പ്രൊഡകട്സ്, എംബ്രോയിഡറി എന്നിവയ്ക്കുള്ള സൗജന്യ തൊഴിൽ പരിശീലനങ്ങൾ നടത്തി. ഓരോ യൂണിറ്റിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 30 അഗംങ്ങൾക്കാണ് പരിശീലനം നൽകിയത്.

## പച്ചക്കറി വിത്ത് വിതരണം

അനുഗ്രഹ ഹരിത ഗ്രാമോദയം പദ്ധതിയുടെ ഭാഗമായി വെജിറ്റബിൾ ആൻഡ് ഫ്രൂട്ട്സ് പ്രൊമോട്ടേഴ്സ് കൗൺസിൽ കേരളായുടെ സഹകരണത്തോടെ അനുഗ്രഹ സോഷ്യൽ സർവീസ് സൊസൈറ്റിയുടെ 10 യൂണിറ്റുകളിൽ പച്ചക്കറി വിത്ത് വിതരണം നടത്തി. സാമൂഹിക സംഘാടകർക്ക് സൊസൈറ്റി ഡയറക്ടർ ഫാ. ക്രിസ്റ്റി തേവള്ളിൽ അനുഗ്രഹ ഓഫീസിൽ വെച്ച് പച്ചക്കറി വിത്തുകൾ വിതരണം ചെയ്തു.

# കറസ്പോണ്ടൻസ് ഓഫീസ്

## കലോത്സവ വിജയികൾക്ക് അഭിനന്ദനങ്ങൾ

ഉപജില്ലാ, ജില്ലാ, സംസ്ഥാന തലങ്ങളിൽ നമ്മുടെ പല സ്കൂളുകളും സമ്മാനർഹരായിട്ടുണ്ട്. പരിശീലിപ്പിച്ച അധ്യാപകരേയും, നേതൃത്വം നല്കിയ പ്രധാനാധ്യാപകരേയും വിജയികളായ കുട്ടികളേയും സഭയുടെ പേരിൽ അനുമോദനം അറിയിക്കുന്നു. ഒന്നാം സ്ഥാനം കരസ്ഥമാക്കിയ കുട്ടികൾക്ക് ഈ വർഷം മുതൽ രൂപതാവക സമ്മാനങ്ങൾ നല്കുന്നതാണ്. ഈ കുട്ടികളുടെ ലിസ്റ്റ് കറസ്പോണ്ടന്റ് ഓഫീസിൽ എത്തിക്കുവാൻ അറിയിക്കുന്നു.

## ചികിത്സാ സഹായം

മലങ്കര കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ വകയായുള്ള ചികിത്സാസഹായം വെൽഫെയർ ഫണ്ടിൽ നിന്ന് 25,000/- രൂപ വീതം രണ്ട് ഗിൽഡംഗങ്ങൾക്കു വിതരണം ചെയ്തു പ്രാർത്ഥിച്ചു.

## മോറൽ സയൻസ്

ഈ വർഷം മുതൽ മോറൽ സയൻസ് ചോദ്യപേപ്പർ പത്തനം തിട്ട കറസ്പോണ്ടന്റ് ഓഫീസിൽ നിന്നും നല്കുന്നതാണ്. ലിസ്റ്റ് എത്രയും വേഗം ഓഫീസിൽ എത്തിക്കണം. വാർഷിക പരീക്ഷ 27.01.2012 വെള്ളിയാഴ്ച ഓരോ സ്കൂളിലും കൃത്യമായി നടത്തേണ്ട താണ്. പരീക്ഷാഫലം ഓഫീസിൽ താമസംവിനാ എത്തിക്കണം.

## പൗരോഹിത്യ വാർഷികാശംസകൾ

| | | |
|---|---|---|
| 1. | റവ.ഫാ.ജോൺ കുറ്റിയിൽ | ജനുവരി 26 |

## ജന്മദിനാശംസകൾ

| | | |
|---|---|---|
| 1. | റവ.ഫാ.ജോർജ്ജ് മാത്യുതെക്കേപുതുവേലിൽ | ജനുവരി 1 |
| 2. | റൈറ്റ്.റവ.മോൺ.ജോസ് ചാമക്കാലായിൽ | ജനുവരി 4 |
| 3. | റവ.ഫാ.സാം ജോൺ കുഴിപ്പാറ | ജനുവരി 5 |
| 4. | റവ.ഫാ.വർഗീസ് കാലായിൽ വടക്കേതിൽ | ജനുവരി 11 |
| 5. | റവ.ഫാ.ജോഷ്വാ താഴത്തേതിൽ | ജനുവരി 21 |
| 6. | റവ.ഫാ.തോമസ് മലയിൽ | ജനുവരി 28 |
| 7. | റവ.ഫാ.ജോൺ.ജി.വടക്കേപ്പുറം | ജനുവരി 30 |

## ആദരാഞ്ജലികൾ....



പത്തനംതിട്ട രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗവും കുമ്പഴ ഇടവകാംഗവുമായ ശ്രീ. മാത്യു മണക്കാട്ട് 2011 നവംബർ 4-ാം തീയതി നിര്യാതനായി.മലങ്കര കത്തോലിക്കാ സഭയുടെ വിവിധങ്ങളായ പ്രേഷിത മേഖലകളിൽ സ്തുത്യർഹസേവനം അനുഷ്ഠിച്ച അദ്ദേഹം കെ.സി.ബി.സി.യുടെ പല കമ്മീഷനുകളിൽ അംഗമായിരുന്നു.സാമൂഹ്യപ്രവർത്തകൻ എന്ന നിലയിലും പരിസ്ഥിതി പ്രവർത്തകൻ എന്ന നിലയിലും അദ്ദേഹം പ്രശസ്തനാണ്. അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ, അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ, അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്താ എന്നിവർ സംസ്കാരച്ചടങ്ങുകൾക്ക് നേതൃത്വം നല്കി. പത്തനംതിട്ട രൂപതയുടെ പേരിലുള്ള ആദരാഞ്ജലികൾ അറിയിക്കുന്നു.